## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1465 — 03/10/2011 - ൽ മറുപടിക്ക്

### നൂറുദിന കർമ്മ പരിപാടി - പബ്ലിസിറ്റിക്ക് നടപടി

**ചോദ്യം**

ശ്രീ. റ്റി.എ.അഹമ്മദ് കബീർ

(എ) സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടി നടപ്പിലാക്കുന്നതു സംബന്ധിച്ച വിവരം ജനങ്ങളിൽ എത്തിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുളള സംവിധാനങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ ;

**മറുപടി**

ശ്രീ. ഉമ്മൻചാണ്ടി,
(ബഹു. മുഖ്യമന്ത്രി)

(എ) സംസ്ഥാന സർക്കാരിന്റെ നൂറു ദിന കർമ്മപരിപാടി നടപ്പിലാക്കുന്നതു സംബന്ധിച്ച് വിവരം ജനങ്ങളിൽ എത്തിക്കുന്നതിനായി രണ്ടുപോസ്റ്ററുകൾ 75,000 കോപ്പി വീതം ( 1.50 ലക്ഷം കോപ്പി) അച്ചടിച്ച് വിതരണം ചെയ്തു.നൂറുദിന വിസ്മയം` എന്ന പേരിൽ മലയാളത്തിൽ ഒരു ലഘുപുസ്തകത്തിന്റെ 3 ലക്ഷം കോപ്പിയും 100 days magic എന്ന പേരിൽ ഇംഗ്ലീഷ് പുസ്തകത്തിന്റെ 110 കോപ്പിയും അച്ചടിച്ചു ജില്ലാ ഇൻഫർമേഷൻ ഓഫീസുകൾ വഴിവിതരണം ചെയ്തു വരുന്നു.

നൂറുദിന കർമ്മ പരിപാടികളിൽ ഉൾപ്പെടുത്തി വിവിധ വകുപ്പുകൾ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച് ഓരോ മന്ത്രിമാരുടെയും പ്രത്യേക പത്ര സമ്മേളനം നടത്തുകയുണ്ടായി.

100 ദിന കർമ്മപരിപാടിയോടനുബന്ധിച്ച് 100 ദിന വിസ്മയം എന്ന പേരിൽ ഡോക്യുമെന്ററി നിർമ്മിച്ചു പ്രദർശനം നടത്തി`സുതാര്യകേരളം`- മുഖ്യമന്ത്രിയുടെ പൊതുജനപരാതി പരിഹാര പരിപാടി ദൂരദർശനിലൂടെ സംപ്രേക്ഷണം ചെയ്തു.

..................(2)

`സുതാര്യ കേരളം` റേഡിയോ രൂപാന്തരം ആൾ ഇന്ത്യ റേഡിയോയിലൂടെ പ്രക്ഷേപണം ചെയ്തു സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയോടനുബന്ധിച്ച് വിവിധ വകുപ്പുകൾ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ, ആശ്വാസ/ക്ഷേമ പദ്ധതികൾ തുടങ്ങിയവ അച്ചടി ദൃശ്യ-ശ്രവ്യമാധ്യമങ്ങൾ വഴിയുള്ള പരസ്യങ്ങളിലൂടെ ജനങ്ങളിലെത്തിച്ചിട്ടുണ്ട്. നൂറു ദിന കർമ്മ പരിപാടിയുടെ വിവിധ പ്രവർത്തനങ്ങളും വിവിധ വകുപ്പുകൾ ആരംഭിച്ച പദ്ധതികളും മറ്റും ചിത്രീകരിക്കുന്ന ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ മൊബൈൽ എക്സിബിഷൻ വാഹനം-``നൂറു ദിന വിസ്മയം`` എന്ന പേരിലുള്ള സഞ്ചരിക്കുന്ന പ്രദർശനം - ഇപ്പോൾ ജില്ലകളിൽ പര്യടനം നടത്തി വരികയാണ്. ഇതിനോടനുബന്ധിച്ച് ജില്ലാ തലത്തിൽ നടന്ന വിവിധ പ്രവർത്തനങ്ങളുടെ ഫോട്ടോ പ്രദർശനവും വിവിധ കേന്ദ്രങ്ങളിൽ നടന്നു വരുന്നു. നൂറുദിന കർമ്മ പരിപാടിയെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനവും വാഹനത്തിൽ സജ്ജീകരിച്ചിട്ടുണ്ട്. ഒപ്പം നൂറു ദിനകർമ്മപരിപാടികളെ സംബന്ധിച്ച പ്രസിദ്ധീകരണങ്ങളുടെ വിതരണവും ചെയ്യുന്നുണ്ട്.

(ബി) ഇതിനായി ഫീൽഡ് പബ്ലിസിറ്റി വിഭാഗം പ്രദർശനങ്ങളോ സാംസ്ക്കാരിക പരിപാടികളോ, കലാശിബിരങ്ങളോ സംഘടിപ്പിക്കുന്നുണ്ടോ ;ഇല്ലെങ്കിൽ അതിനു നടപടി സ്വീകരിക്കുമോ ?

(ബി). ഉണ്ട്. സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പരിപാടി നടപ്പിലാക്കുന്നത് സംബന്ധിച്ച വിവരം ജനങ്ങളിൽ എത്തിക്കുന്നതിനായി ഫീൽഡ് പബ്ലിസിറ്റി വിഭാഗത്തിന്റെ കീഴിലുള്ള മൊബൈൽ എക്സിബിഷൻ വാഹനം, വിവിധ വകുപ്പുകൾ നടപ്പിലാക്കിയ പദ്ധതികൾ ചിത്രീകരിച്ചുകൊണ്ട് ജില്ലകളിൽ പര്യടനം

........................(3)

നടത്തുന്നുണ്ട്. അതോടൊപ്പം നൂറുദിനകർമ്മ പരിപാടിയെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം നടക്കുന്നുണ്ട്. ഫീൽഡ് പബ്ലിസിറ്റി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ ജില്ലകളിൽ നടപ്പിലാക്കിയ പരിപാടികൾ സംബന്ധിച്ച് ജില്ലാതല പ്രദർശനങ്ങൾ വിവിധ കേന്ദ്രങ്ങളിൽ നടത്തി വരുന്നുണ്ട്. 100 ദിന കർമ്മ പരിപാടിയുടെ പ്രചരണത്തിനായി സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ അവതരിപ്പിക്കുന്നതിനായി തെരുവുനാടകം തയ്യാറായി വരികയാണ്. ഉടൻ തന്നെ അവതരിപ്പിച്ച് തുടങ്ങാനാണ് ലക്ഷ്യമിടുന്നത്.

Bu

സെക്ഷൻ ഓഫീസർ